# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3522 | 15.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി റിട്ടേൺ നൽകിയിട്ടില്ലാത്തവരുടെ പട്ടിക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ ചരക്ക് സേവന നികുതി റിട്ടേൺ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികളുടെ എണ്ണമെത്രയാണെന്നും ഇതിനോടകം എത്ര വ്യാപാരികൾ റിട്ടേൺ സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) & (ബി) | സംസ്ഥാനചരക്കുസേവന നികുതി വകുപ്പുമായി ബന്ധപ്പെട്ട് റിട്ടേൺ ഫയൽ ചെയ്ത വ്യാപാരികളുടെ കണക്കുകൾ താഴെ പറയുന്നു. നിയമാനുസൃതം റിട്ടേൺ സമർപ്പിക്കാത്തവരുടെ പട്ടിക വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇനി എത്ര വ്യാപാരികൾ റിട്ടേൺ സമർപ്പിക്കാനുണ്ട്; ഇനിയും റിട്ടേൺ നൽകിയിട്ടില്ലാത്തവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; | | |

**GSTR 1**

| മാസം | രജിസ്റ്റർ ചെയ്തിട്ടുള്ളത് | റിട്ടേൺ സമർപ്പിച്ചത് | ശതമാനം (%) |
|---|---|---|---|
| July 2017 | 215597 | 174644 | 81 |
| August 2017 | 227445 | 93004 | 40.89 |
| September 2017 | 234535 | 168181 | 71.71 |
| October 2017 | 239900 | 90781 | 37.84 |
| November 2017 | 246099 | 89114 | 36.21 |
| December 2017 | 250533 | 149081 | 59.51 |
| January 2018 | 248794 | 27381 | 11.01 |

**GSTR 3 B**

| മാസം | രജിസ്റ്റർ ചെയ്തിട്ടുള്ളത് | റിട്ടേൺ സമർപ്പിച്ചത് | ശതമാനം (%) |
|---|---|---|---|
| July 2017 | 215597 | 194619 | 90.27 |
| August 2017 | 227445 | 199713 | 87.81 |
| September 2017 | 234535 | 202448 | 86.32 |
| October 2017 | 239900 | 199824 | 83.29 |
| November 2017 | 246099 | 198771 | 80.77 |
| December 2017 | 250533 | 195310 | 77.96 |
| January 2018 | 248794 | 182621 | 73.4 |

| | | | |
|---|---|---|---|
| (സി) | നികുതിപിരിവിലെ വളർച്ചാ നിരക്ക് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ റിട്ടേണുകൾ സൂക്ഷ്മമായി പരിശോധിച്ചും റിട്ടേൺ നൽകാത്തവരിൽ നിന്നും റിട്ടേണുകൾ നിയമാനുസൃതം ലഭ്യമാക്കിയും രജിസ്ട്രേഷൻ റദ്ദാക്കപ്പെടുന്നവരെ പ്രത്യേകം നിരീക്ഷിച്ചും നികുതി പിരിവ് കൂടുതൽ ഊർജിതമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | റിട്ടേൺ ഫയൽ ചെയ്യാത്തവരുമായി ബന്ധപ്പെട്ട് റിട്ടേണുകൾ ഫയൽ ചെയ്യിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. നിലവിലെ വ്യവസ്ഥയനുസരിച്ച് വിവരങ്ങളുടെ സൂക്ഷ്മപരിശോധന കമ്പ്യൂട്ടർ അധിഷ്ഠിതമാണ്. അതിനാൽ റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടുന്ന മുറയ്ക്കേ സൂക്ഷ്മപരിശോധന സാധ്യമാവുകയുള്ളൂ. രജിസ്ട്രേഷൻ റദ്ദാക്കപ്പെടുന്നവരെയും രജിസ്ട്രേഷൻ ബാധ്യതയുള്ളതും എന്നാൽ രജിസ്ട്രേഷൻ എടുക്കാത്തതുമായ വ്യാപാരികളെയും ഫീൽഡ്സർവ്വെ വഴിയും ഇന്റലിജൻസ് വിഭാഗത്തിന്റെ ചരക്കുപരിശോധന വഴിയും കണ്ടെത്തുന്ന മുറയ്ക്ക് സ്വമേധയാ രജിസ്ട്രേഷൻ കൊടുക്കാവുന്നതാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**